**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4794** **27.10.2016-ൽ മറുപടിക്ക്**

**വർദ്ധിച്ച് വരുന്ന റോഡ് അപകടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്. ശർമ്മ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന റോഡ് അപകടങ്ങളുടെ പശ്ചാത്തലത്തിൽ, റോഡ് സുരക്ഷിത പണികൾക്കായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ റോഡുകളെ അപകട രഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷാ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 53.32 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് നാറ്റ്പാക് സമർപ്പിക്കുകയുണ്ടായി. ഇതിൽ നിന്നും 10 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട്, ട്രാഫിക് സാന്ദ്രത, അപകടനിരക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റോഡുകളുടെ മുൻഗണനാക്രമം തയ്യാറാക്കി വീണ്ടും നാറ്റ്പാക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം പുതുതായി കേരളത്തിലുടനീളം അതീവ അപകടമേഖലകൾ (ബ്ലാക്ക് സ്പോട്ട്) കണ്ടെത്താനും അവ നിവാരണം ചെയ്യാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി/ പദ്ധതിയേതര ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഈ |

പദ്ധതികൾ മുഖേന താഴെപ്പറയുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരുന്നു.

1. സൈൻബോർഡ് സ്ഥാപിക്കൽ
2. ഡയറക്ഷൻ ബോർഡ് സ്ഥാപിക്കൽ
3. അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കൽ
4. വിവിധ തരം റോഡ് മാർക്കിംഗ് സ്ഥാപിക്കൽ
5. ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കൽ
6. അപകട സാധ്യതയേറിയ മേഖലകളിൽ ബ്ലിങ്കർ ലൈറ്റുകൾ സ്ഥാപിക്കൽ
7. റിഫ്ളക്ടറുകൾ, സ്റ്റഡുകൾ, ഡിലീനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്റ്റ് ഹസാർഡ് മാർക്കറുകൾ, ഷെവ്റോൺ സൈൻ ബോർഡുകൾ, മീഡിയൻ മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ സ്ഥാപിക്കൽ.

(ബി) സ്കൂൾമേഖല നവീകരണത്തിനും, ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഇതിന് ഏത് ഫണ്ടാണ് ഉപയോഗിക്കുന്നതെന്നും, എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) സ്കൂൾ മേഖല നവീകരണത്തിനും, ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി വക ഫണ്ട് ആണ് ഉപയോഗിക്കുന്നത്. നാല്പത് സ്കൂൾ മേഖലകൾ നവീകരിക്കുന്നതിനും ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിൽ വകയിരുത്തിയിട്ടുള്ള മൂന്നു കോടി രൂപ ഉപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി ഫണ്ടിൽ നിന്നും ക്രാഷ് ബാരിയർ സ്ഥാപിച്ചുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മറ്റ് ആവശ്യങ്ങൾക്കായി വെട്ടിമുറിക്കുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(സി) കേരള സർക്കാർ ഉത്തരവ് നം. സ.ഉ (കൈ) 63/16/പൊ.മ.വ തീയതി 03.09.2016 പ്രകാരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റി ആയി നിയമിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാ-

നത്തിൽ റോഡുകൾ മറ്റാവശ്യങ്ങൾ-ക്കായി വെട്ടിമുറിക്കുകയും റോഡുകളും നടപ്പാതകളും കൈയ്യേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തുകയും ചെയ്യതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീ-യർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതിനൽകുന്നതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിക്കും നൽകുന്ന-തുമാണ്, ബന്ധപ്പെട്ട ജില്ലാതല അവലോകനയോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാ-രികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടെക്ഷൻ ആക്റ്റിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീ-യർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതുമാണ്. യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗ-സ്ഥരും നടപടിക്ക് വിധേയമാ-കുന്നതാണ്.

സെക്ഷൻ ഓഫീസർ